MONDAY

26/01/2026

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. KS    Editor : Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/01/2026

1. കേരള കാർഷിക സർവ്വകലാശാല ഫെബ്രുവരി 18 മുതൽ 22 വരെ വെള്ളാനിക്കരയിലുള്ള സെൻട്രൽ ക്യാമ്പസിൽ വച്ച് സംഘടിപ്പിക്കുന്ന "ദക്ഷിണ മേഖല കാർഷിക മേള 2025-26" സംഘടിപ്പിക്കുന്നു. അഗ്രി-നെക്സ്റ്റ്: നവീന, അതിജീവന സുസ്ഥിര കൃഷി (Agri-next: Smart, resilient and sustainable farming) എന്നതാണ് ഈ മേളയുടെ പ്രമേയം. അഗ്രി -ബിസിനസ്സ് സ്ഥാപനങ്ങൾ, ബാങ്കുകൾ, അഗ്രി-ടെക് സ്റ്റാർട്ടപ്പുകൾ എന്നിവർക്ക് ഉത്പന്നങ്ങൾ പ്രദര്ശിപ്പിക്കാൻ സ്റ്റാളുകൾ ബുക്ക് ചെയ്യുന്നതിനായി എ.സി. സ്റ്റാളുകൾക്ക് 25000 രൂപയും നോൺ- എ.സി. സ്റ്റാളുകൾക്ക് 10,000 രൂപയുമാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. 2026 ജനുവരി 31 ന് മുൻപ് ബുക്ക് ചെയ്യുന്നവർക്ക് ഏർലി ബേർഡ് ഡിസ്കൗണ്ട് ആയി 10 % ഇളവ് ലഭിക്കുന്നതാണ്. താല്പര്യമുള്ളവർക്ക് കൺവീനർ 9847335759, 9544211144 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. എഫ് പി ഒകൾ, സ്വയം സഹകരണ സംഘങ്ങൾ, കർഷക കൂട്ടായ്മകൾ തുടങ്ങിയവർ അതാതു കൃഷിഭവനോ കെ വി കെ മുഖേനയോ മുൻകൂട്ടി രജിസ്റ്റർ ചെയ്തു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൃഷിയിട സന്ദർശനം, മുഖാമുഖം പരിപാടി എന്നിവയിൽ പ്രാധിനിത്യം ഉറപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് de@kau.in എന്ന ഇ മെയിൽ വഴിയോ 9497412447, 0487-2370150 എന്ന നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

2. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതി (SMAM) പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. 2025-2026 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

0471–2306748, 0477–2266084, 0495–2725354 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

3. റബ്ബർബോർഡിന്റെ കീഴിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ അഗ്രോണമി/സോയിൽസ് ഡിവിഷനിൽ 'അനലിറ്റിക്കൽ ട്രെയിനി' യെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ഏഴുത്തുപരീക്ഷയും അഭിമുഖവും നടത്തുന്നു. അപേക്ഷകർക്ക് രസതന്ത്രത്തിൽ ബിരുദാനന്തരബിരുദവും സോയിൽ/ പ്ലാന്റ് അനാലിസിസ്, ഫീൽഡ് ഡേറ്റ കളക്ഷൻ, ഡേറ്റാ പ്രോസസ്സിങ് എന്നിവയിൽ ഒരു വർഷത്തെ പ്രവർത്തിപരിചയവും ഉണ്ടായിരിക്കണം. പ്രായം 2026 ജനുവരി 01–ന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിലെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ഡയറക്ടർ മുമ്പാകെ 2026 ജനുവരി 29–ന് രാവിലെ 9.30ന് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവർത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

4. ക്ഷീരവികസന വകുപ്പിൻറെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2026 ജനുവരി 28, 29 തീയതികളിൽ എലൈറ്റ് ഫാർമേഴ്സിന് ( 10 പശുവിൽ കൂടുതൽ ഉള്ളവർ ) "ക്ഷീര സംരംഭകത്വം ശാസ്ത്രീയ പശു പരിപാലനത്തിലൂടെ" എന്ന വിഷയത്തിൽ ദ്വിദിനപരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/– രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/– രൂപ ദിനബത്തയും, ആകെ 100/– രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻറെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2026 ജനുവരി 27 – ാ ം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911 മേൽവിലാസം ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പാലസ്.പി.ഒ., തിരുവനന്തപുരം – 695004. Email ID:principaldtctvm@gmail.com

## 5. കാർഷിക നിർദേശം

പയറിലെ ഇലപ്പേനിന്റെ ആക്രമണം നിയന്ത്രിക്കാൻ പാകമായ പയർ വിളവെടുത്തതിന് ശേഷം 3 ഗ്രാം ഫ്ലോണിക്കാമിഡ് 50 WG ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ വെർട്ടിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസംഇടവിട്ട്കൊടുക്കുക. രൂക്ഷമാണെങ്കിൽ 2 ഗ്രാം തയാമെതോക്സാം 10 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ അസാഡിറക്റ്റിൻ (3000 ppm) 5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക